28 (1621) മന്ത്രിമാരുടെ ഉപയോഗത്തിനായി വാങ്ങിയ കാറുകൾ

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ മന്ത്രിമാരുടെ ഉപയോഗത്തിനായി എത്ര പുതിയ കാറുകൾ വാങ്ങിയിട്ടുണ്ട്.

(ബി) ഈ കാറുകൾ ആരൊക്കെ ഉപയോഗിക്കുന്നു;

(സി) ഈ കാറുകൾക്കോരോന്നിനും എന്തു തുക ചെലവായെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) മന്ത്രിമാരുടെ ഉപയോഗത്തിനു മാത്രമായല്ല കാറുകൾ വാങ്ങുന്നത്. ഈ സാമ്പത്തികവർഷം ആകെ 16 കാറുകൾ ടൂറിസം വകുപ്പ് വാങ്ങുകയുണ്ടായി. അവയിൽ 11 എണ്ണം സ്പീക്കറുടെയും താഴെപറയുന്ന മന്ത്രിമാരുടെയും ഉപയോഗത്തിന്, അവർ ഉപയോഗിച്ചിരുന്ന പഴയകാറുകൾക്കുപകരം നൽകുകയുണ്ടായി. റവന്യൂ വകുപ്പുമന്ത്രി, തദ്ദേശ ഭരണ വകുപ്പുമന്ത്രി, വിദ്യാഭ്യാസ-പൊതുമരാമത്ത് വകുപ്പുമന്ത്രി, ഫിഷറീസ്-സാംസ്കാരിക വകുപ്പുമന്ത്രി, വനം ഗതാഗത വകുപ്പുമന്ത്രി, വ്യവസായ-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി, ആരോഗ്യ-സ്പോർട്സ് വകുപ്പുമന്ത്രി, പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി.

(സി) ഈ വർഷം വാങ്ങിയ കാറുകളുടെ ഇനവും വിലയും ചുവടെ ചേർക്കുന്നു.

എണ്ണം	ഇനം	നിരക്ക്	ആകെ
		ലക്ഷം രൂപ	ലക്ഷം രൂപ
1.	ഓപ്പൽ അസ്ട്രാ	8.50	8.50
3.	മിത് സുബിഷി	8.56	25.68
2	സിലോ	6.50	13.00
7	അംബ്വാസഡർ (ഡീസൽ)	4.60	32.20
3	അംബാസഡർ (പെട്രോൾ)	4.00	12.00

29 (1922) സർക്കാർ ഉദ്യോഗസ്ഥൻമാരുടെ വിദേശയാത്ര

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ എത്ര സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥൻമാർ വിദേശയാത്ര നടത്തിയിട്ടുണ്ട്.

(ബി) ഇവർ ആരെല്ലാമാണെന്നും ഏതൊക്കെ രാജ്യങ്ങളിലാണ് സന്ദർശനം നടത്തിയതെന്നും വ്യക്തമാക്കുമോ;

(സി) ഇവർ ഓരോരുത്തരുടെയും യാത്രാചെലവിനത്തിൽ എന്തു തുക ചെലവായെന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly